**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5847** **16-03-2023 - ൽ മറുപടിയ്ക്ക്**

**റേഷൻകടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ; | (എ) | കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ചുറ്റുപാടുമുള്ള എ.ആർ.ഡി കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡ് എങ്കിലും ഉണ്ടായിരിക്കുക തുടങ്ങിയവയാണ് മാനദണ്ഡങ്ങൾ. പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ച് പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാ കളക്ടറുടെ ശുപാർശ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖാന്തിരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | നിലവിലെ ലൈസൻസികൾ മരണപ്പെടുന്നതിനാലോ മറ്റ് കാരണങ്ങളാലോ പ്രവർത്തനം നിലച്ച് പോകുന്ന റേഷൻ കടകൾ മറ്റുള്ളവർക്ക് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷാരീതികൾ, അർഹതാ മാനദണ്ഡങ്ങൾ എന്നിവ വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള ലൈസൻസി മരണപ്പെടുകയാണെങ്കിൽ റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി ടി കട താൽക്കാലികമായി സസ്പെൻഡ് ചെയ്ത് തൊട്ടടുത്ത കടയിൽ കൂട്ടി ചേർത്ത് പ്രവർത്തിപ്പിക്കും. തുടർന്ന് 6 മാസത്തിനകം മരണപ്പെട്ട ലൈസൻസിയുടെ അനന്തരാവകാശികൾക്ക് റേഷൻ കട ആവശ്യമില്ലാതെ വരിക, യഥാസമയം അപേക്ഷ സമർപ്പിക്കാതെ വരിക തുടങ്ങിയ സാഹചര്യങ്ങളിൽ KTPDS (കൺട്രോൾ)ഓർഡർ, 2021 പ്രകാരം ലൈസൻസി നിയമനത്തിന് വിജ്ഞാനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർ സ്വീകരിക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉള്ളവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | 1) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 21 വയസ്സ് പൂർത്തിയായിരിക്കണം.<br><br>2) ലൈസൻസി മരിച്ചതിനുശേഷം അനന്തരാവകാശിക്കു ലൈസൻസ് അനുവദിക്കാൻ അപേക്ഷ സമർപ്പിക്കുന്ന വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിരിക്കണം.<br><br>3) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 62 വയസ്സിൽ കൂടാൻ പാടില്ല.<br><br>4) കേരള ബോർഡ് ഓഫ് എക്സാമിനേഷന്റെ 10ാം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.<br><br>5) റേഷൻ കട നടത്തുന്നതിന് ലൈസൻസിക്ക് ശാരീരിക, മാനസികാരോഗ്യം ഉണ്ടായിരിക്കണം.<br><br>6) അപേക്ഷ നൽകുന്ന തീയതിക്കുമുൻപ് റേഷൻ കട സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയം ഭരണ പ്രദേശത്ത് 3 വർഷം സ്ഥിരതാമസമുണ്ടായിരിക്കണം. അതേ വാർഡിൽ സ്ഥിരതാമസമുള്ള അപേക്ഷകന് മുൻഗണന ഉണ്ടായിരിക്കും. എന്നാൽ പട്ടികജാതി/ പട്ടികവർഗ്ഗ സംവരണ വിഭാഗങ്ങൾക്ക് റേഷൻ കട സ്ഥിതി ചെയ്യുന്ന താലൂക്കിൽ സ്ഥിരതാമസം ഉണ്ടായാൽ മതി.<br><br>7) വ്യക്തിഗത അപേക്ഷകളിൽ യോഗ്യതാ മാനദണ്ഡങ്ങൾ കണക്കാക്കുമ്പോൾ പ്രായത്തിൽ മുതിർന്ന അപേക്ഷകർക്കും, 10 വർഷം പരിചയ സമ്പന്നരായ സെയിൽസ്.മാൻമാർക്കും മുൻഗണന നൽകുന്നതാണ്. |
| (സി) | ഒരു റേഷൻ കടയുടെ പരമാവധി ഉപഭോക്തൃ അംഗസംഖ്യ സംബന്ധിച്ച് നിബന്ധനയുണ്ടോ; വളരെ കൂടുതൽ അംഗസംഖ്യയുള്ള റേഷൻകടകൾ വിഭജിച്ച് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | ചുറ്റുപാടുമുള്ള എ.ആർ.ഡി കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡ് എങ്കിലും ഒരു കടയ്ക്ക് ഉണ്ടായിരിക്കണം. കൂടുതൽ കാർഡുകൾ ഉള്ള റേഷൻ കടകൾ വിഭജിച്ച് പുതിയ കടകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നപക്ഷം ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ